For Private Circulation Only.

# അബ്ദുൽമ്ശീഹായും
# കാതോലിക്കാ
# സ്ഥാപനവും.

---

ശാന്തമായ ചിന്തകൾ.

(Rev: K. P. Paulose, B. D., R. M. A. S, Gen: Secy:
കല്ലറക്കപ്പുറമ്പിൽ—പെരുമ്പാവൂർ)

പാത്രിയർക്കീസ്പക്ഷത്തുനിന്ന് പറഞ്ഞും പ്രചരിപ്പിച്ചുംവന്ന വാർത്തകളെല്ലാം അതേപടി സ്വീകരിച്ച് അബ്ദുൽമിശിഹാ മുടക്കപ്പെട്ടവനെന്നും കാതോലിക്കാസ്ഥാപനം അസാധുവെന്നും വിശ്വസിക്കയും, അതിനോട്ട് പരിപൂർണ്ണനിസ്സഹകരണം പരിപാലിക്കുകയും ചെയ്തുപോന്ന എന്നിൽ വ്യത്യസ്തമായ ആശയം പ്രവേശിപ്പാനിടയായതെങ്ങിനെയെന്നുള്ളത് പലർക്കും ദുർഗ്രാഹ്യമായിരിക്കാം. "കുരുപ്പിന്റെ ഉറപ്പാണ് എന്റെ ഉറപ്പ്" എന്ന് പറയുംപ്രകാരം മതിപ്പും ബഹുമാനവും ബോദ്ധ്യവും ഉള്ളവരുടെ വചനങ്ങളെ വിവേചനയെന്യേ അതുപടി സ്വീകരിച്ച് അനുകരിക്കുക മാത്രമല്ല അതിന്റെ എതിർവശത്തിന് പറവാനുള്ളവയെപ്പററി ഒന്നു ചിന്തിപ്പാനെന്നല്ല, ഒന്ന് കേൾപ്പാൻപോലും കഴിയാതെ വന്നുപോയി. ഇങ്ങനെ ഒരു വശംമാത്രം കേട്ടുവിശ്വസിച്ച് പ്രവർത്തിക്കുകയും അടുത്തുപെരുമാറുകയും ചെയ്തുവരവേ—"ഉഷ്ണം ഉഷ്ണേണ ശാന്തി" — അവരെ അത്ര വിശ്വസിക്കാൻ പാടില്ലെന്നു അവർ തന്നെ അനുഭവത്താൽ പഠിപ്പിച്ചു. അതോടുകൂടി, അവരിൽനിന്ന് കണ്ടും കേട്ടും വിശ്വസിച്ചുപോന്ന പല സംഗതികളും അതേപടി എടുക്കാതെ ഇരുവശങ്ങളും പരിശോധിച്ച് മനസ്സിലാക്കേണ്ടത് ആവശ്യമായിവന്നു. സ്നേഹിതനിൽ അവിശ്വാസം ജനിക്കുന്നതോടുകൂടി അദ്ദേഹത്തിന്റെവാക്കുകളെ ആധാരമാക്കി വിശ്വസിച്ചുവന്നവയിലും സംശയം ജനിക്കുക എത്രയും സ്വാഭാവികമാണല്ലോ?

## "1903-ലെ സുന്നഹദോസും നീക്കലും"

പല പരിശോധനകളും അന്വേഷണവും നടത്തിവരുന്ന ഇത്തരുണത്തിലാണ് ബഃ അബ്ദുൽആഹാദ്റമ്പാച്ചന്റെ 'പ്രത്യക്ഷസത്യം'

രണ്ടാംനമ്പർ പ്രസിദ്ധീകൃതമായതു്. "1903-ൽ....... സുന്നഹദോസു് വിളിച്ചുകൂട്ടി അദ്ദേഹത്തെ [അബ്ദേദ്മ്ശിഹാ] സ്ഥാനഭ്രഷ്ടനാക്കി." എന്നു് അതിന്റെ 44-ാംപുറത്തു് കാണുന്നു. മാർ യൂലിയോസ്ബാവാ തിരുമനസ്സുകൊണ്ടു് 1903 തുലാത്തിൽ നടന്നതായി പറയുന്ന ടി സുന്നഃ നടപടിപകർപ്പു്, നമ്മിൽ പലരുടെയും പക്കലുള്ള 193? — ലെ സുറിയാനിസഭാമാസിക 227-ാംപുറത്തു് ചേർത്തിട്ടുണ്ടു്. അതിന്റെ ചുരുക്കംതന്നെയും അബ്ദേദ്മ്ശിഹാ മുടക്കപ്പെട്ടു എന്നല്ല; പാത്രിയർക്കാസിംഹാസനത്തിനടുത്ത ഒന്നും ചെയ്തുകൂടെന്നുള്ള നിരോധനം മാത്രമാണു്. ലംഘിച്ചു ചെയ്താൽപോലും അദ്ദേഹത്തിന്റെ പട്ടത്വത്തിനു് യാതൊരു ന്യൂനതയും വരുമെന്നുള്ള സൂചനപോലും അതിലില്ല. പക്ഷേ ചിന്താവിഷയം ആയിരുന്നതു് അങ്ങിനെ ഒരു സുന്നഹദോസുതന്നേ ഉണ്ടായിട്ടുണ്ടോ എന്നുള്ളതാണു്. അടുത്തതായി ഞാൻ പരിശോധിച്ച തെളിവുകളെ ഓരോന്നായി നോക്കാം.

1. ഇങ്ങനെ ഒരു സുന്നഹദോസ് ഉണ്ടായതായി മലങ്കരസഭ അറിഞ്ഞിട്ടില്ല:—അബ്ദുള്ളാപാത്രിയർക്കീസ്സിന്റെ തിരഞ്ഞെടുപ്പിനു ഇവിടെ നിന്നും പ്രതിനിധികളെ ക്ഷണിക്കയും ഇന്നാരെ തിരഞ്ഞെടുത്തിരിക്കുന്നുവെന്നു് ഇങ്ങോട്ടു് അറിയിക്കുകയും ചെയ്തിട്ടുണ്ടു്. (1905 കർക്കടകം ഇടവകപ്പത്രിക പുറം 140) എന്നാൽ തിരഞ്ഞെടുപ്പിനേക്കാൾ എത്രയോ ഗൌരവമേറിയതാണു്, കാനോനികമായി ഭരിച്ചുകൊണ്ടിരിക്കുന്ന ഒരു പാത്രിയർക്കീസിനെ മാററുക എന്നതു്? തിരഞ്ഞെടുപ്പു് ഒരു സാധാരണ സംഭവമാണു് മാററുക എന്നതു് ഗത്യന്തരമില്ലാതെ വരുന്ന ഘട്ടങ്ങളിൽ സഭ ഒന്നാകെ അവധാനപൂർവ്വം ചിന്തിച്ചുചെയ്യുന്ന അതിഗൌരവാവഹമായ ഒരു സംഗതിയാണു്. ആ തീരുമാനത്തിലേക്കു് ഒരു സുന്നഃ കൂടിയെങ്കിൽ അതിലേക്കു് മലങ്കരസഭയെ എന്തുകൊണ്ടു ക്ഷണിച്ചില്ല? കൂടി ഒരു നിശ്ചയം ചെയ്തുവെങ്കിൽ ആ വിവരം അറിയിക്കാതിരിക്കുമോ? ഒരാൾ പാത്രിയർക്കാസ്ഥാനത്തുനിന്നും മാററപ്പെട്ടുവെങ്കിൽ ഉടൻ വിവരം സഭ മുഴുവനേയും അറിയിച്ചു് അദ്ദേഹത്തെ പാത്രിയർക്കീസായി കരുതാതെയിരിപ്പാൻ വേണ്ട നടപടികൾ കൈക്കൊള്ളാതിരിക്കുക എന്നതു് സംഭവ്യമോ സ്വാഭാവികമോ എന്നു് ചിന്തിക്കുക!! നടന്നതായി പറയുന്ന സുന്നഹദോസിനു രണ്ടുവർഷങ്ങൾക്കുശേഷം തുർക്കി ഫർമാൻ പിൻവലിച്ചപ്പോഴും ആ വാർത്ത അറിയിച്ചപ്പോഴും പ്രസ്താവിതസുന്നഹദോസിന്റെ ഒരു മണംപോലും ഉണ്ടായില്ല. മാത്രമല്ല ഫർമാൻ പിൻവലിച്ചതായി പറയുന്ന 1905 ഇടവം ഇടവകപത്രികയിൽ "അതിനു് ആരോപിച്ചിരിക്കുന്ന കുററം രാജദ്രോഹമാണത്രേ" എന്നു വ്യക്തമായി പറയുന്നു. അതുംപോകട്ടേ ഒരു സുന്നഹദോസു

കൂടി മാററിയിരുന്നുവെങ്കിൽ പുതിയ തിരഞ്ഞെടുപ്പിനു ക്ഷണിച്ചപ്പോഴെങ്കിലും അതിനു കാരണമാക്കിയസുന്ന:നെപ്പററി പറയാതിരിക്കുമായിരുന്നുവെന്നു് മനുഷ്യബുദ്ധിക്കു് ചിന്തിക്കാവതല്ല.

2. 1903-ൽ നീക്കപ്പെട്ടിട്ടില്ലായെന്നു് പാത്രിയർക്കീസുബാവായും റമ്പാച്ചനും സമ്മതിക്കുന്നു:—ബ: റമ്പാച്ചൻെറ 'പ്രത്യക്ഷസത്യം' പുറം47-ൽ ഇങ്ങനെകാണുന്നു. "ഇപ്പോഴത്തെ പാത്രിയർക്കീസുബാവാ........ സിംഹാസനഡയറിയിൽ നിന്നും മറവമായി........അച്ചടിപ്പിച്ച കുക്കമദയറാ ചരിത്രത്തിൽ ഇപ്രകാരം പറയുന്നു........"ഇഗ്നാത്തിയോസ് അബ്ദേദ്മശിഹാ 1895 മുതൽ 1905 വരെ. ഇദ്ദേഹം ഭരണസംബന്ധമായ ക്രമക്കേടുകൾ നിമിത്തം സ്ഥാനത്തുനിന്നും നീക്കപ്പെട്ടു..........1905—ൽ അബ്ദേദ്മശിഹാ II ബഹിഷ്കൃതനായി" ഇതിൽനിന്നും സിംഹാസനഡയറിയും മററു റിക്കാർട്ടുകളും പരിശോധിച്ച സമർത്ഥചരിത്രാന്വേഷിയായ ഇപ്പോഴത്തെ പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു് അബ്ദേദ്മശിഹാബാവാ 1903-ൽ ഒരു സുന്നഹദോസിനാൽ നീക്കപ്പെട്ടതായി അറിഞ്ഞിട്ടില്ലെന്നും പ്രത്യുത 1905 വരെ നിർവിഘ്നം ഭരിച്ചതായി സമ്മതിക്കുന്നുവെന്നും മാത്രമല്ല, അങ്ങിനെ തന്നേ ചരിത്രപാരായണാവസരങ്ങളിൽ ബ: റമ്പാച്ചനും സമ്മതിക്കുന്നുവെന്നുംകൂടി ടി ഉദ്ധരണിയിൽനിന്നും വ്യക്തമാകുന്നു.

3. കാലംചെയ്ത ഏലിയാസ്ബാവായുടെയും മററും സമ്മതം — മാർ തീമോത്തെയോസ് തിരുമേനി ഇവിടെ രജിസ്ത്രാക്കിക്കൊണ്ടുപോയ ഉടമ്പടിയെ നിരാകരിച്ചു്, യൂലിയോസ്ബാവാ മുതലായി ശീമയിലുണ്ടായിരുന്ന പിതാക്കന്മാരുടെ ഇംഗിതമനുസരിച്ചു് എഴുതിയുണ്ടാക്കി ഏലിയാസ്ബാവാ പേർക്കു് 1927-ൽ തീമോത്തിയോസ് തിരുമേനിയെക്കൊണ്ടു് ശീമയിൽവച്ചു് രജിസ്ത്രാക്കിപ്പിച്ച ഉടമ്പടിയിൽ "1905-ലേ വി· അന്ത്യോക്യാസിംഹാസനത്തിലേ സു: തീരുമാനങ്ങളാൽ നീക്കപ്പെട്ട....അബ്ദേദ്മശിഹാ' എന്നു പറഞ്ഞിരിക്കുന്നതായി ബ: റമ്പാച്ചനും (പ്ര. സ. പുറം 60) മാർ യൂലിയോസ്തിരുമേനിയും (1932-ലേ സുറിയാനിസഭാമാസിക പുറം 329) പറയുന്നു. ഇവയിൽനിന്നും മനസ്സിലാകുന്നതു് അന്നു് പാത്രിയർക്കീസായിരുന്ന ഏലിയാസ്ബാവാക്കും തഹല്പൂപ്പാ ആയിരുന്ന യൂലിയോസ്ബാവക്കും മററു പിതാക്കന്മാർക്കും ഇപ്പോൾ യൂലിയോസിബാവാ പറയുംപ്രകാരമുള്ള വല്ലതും 1903-ൽ നടന്നതായി 1927 വരെ യാതൊരറിവും ഇല്ലായിരുന്നുവെന്നുള്ള വസ്തുതയല്ലയോ?

4. മാർ യൂലിയോസ് തിരുമേനിയുടെ കത്തു് പരിശോധിക്കാം. ഇൻഡ്യാക്കാർക്കു് കാതോലിക്കായെ നൽകണമെന്നുകാണിച്ചുകൊണ്ടുള്ളകോജാഅന്തുൻെറ '1904 മകരം 3-ാംനു-യിലേ' കത്തിനു്

മറുപടിയായി കാതോലിക്കായേ നൽകുവാൻ വിസമ്മതിച്ചുകൊണ്ടും,
"അബ്ദൽമശിഹാബാവാ" 1904 മകരം 26 ാംനു- മർദ്ദീനിൽനിന്നു്
എഴുതി എന്നും അദ്ദേഹം അങ്ങനെ 1904-ൽ വിസമ്മതിച്ചു് എഴുതു
വാൻ ഇടയായതു് അദ്ദേഹം അന്നു് പാത്രിയർക്കീസായിരുന്നതുകൊ
ണ്ടാണെന്നും എന്നാൽ പിന്നീടൊരുകൊല്ലം കഴിഞ്ഞു് സിംഹാസനം
തനിക്കു് നഷ്ടപ്പെട്ടപ്പോൾ കാതോലിക്കായേ നൽകാമെന്നു 1906-ൽ
സമ്മതിച്ചതു് അന്നു് പാത്രിയർക്കാസിംഹാസനം തന്റേതല്ലാത്തതു
കൊണ്ടാണെന്നും യൂലിയോസ് ബാവാ പറയുന്നു (1932 സു. സ. മാ.
പുറം 327) അദ്ദേഹത്തിന്റെ പ്രസ്താവനയുടെ സരസമായ യുക്തി
ആസ്വദിക്കുന്നതോടുകൂടെ ഒരു സത്യം പ്രത്യക്ഷമാകുന്നുണ്ടു്: 1932-ൽ
ഇതെഴുതുമ്പോൾ മാർ യൂലിയോസ് തിരുമേനിയുടെ ബോധം,
1904-ൽ അബ്ദേദ്മശിഹാ പാത്രിയറുക്കീസായിരുന്നുവെന്നും, അ
ദ്ദേഹത്തെ നീക്കുന്നതിനായി 1903-ൽ നടന്നതായും തത്സമയം താ
ൻ അവിടെ ഉണ്ടായിരുന്നതായും പറയുന്ന സുന്നഹദോസ് യഥാർത്ഥ
ത്തിൽ വ്യാജനിർമ്മിതമാണെന്നുമുള്ളതുതന്നെ.

5. സുന്നഹദോസ് ചരിത്രത്തെളിവ്. അതു് ഇപ്പോഴ
ത്തെ പാത്രിയർക്കീസ് ബാവാ തിരുമേനി സിംഹാസനദയ
റിയിൽനിന്നും മറുമായി എഴുതിയിട്ടുള്ള കർക്കുമദയറാചരിത്രമാ
ണ്. അതിന്റെ 11-ാംഅദ്ധ്യായത്തിൽ ഇങ്ങനെ പറയുന്നു.
"19-ാംസുന്നഹദോസ് 1895-ൽ........മാർ കൂറിലോസ്...........വിളിച്ചുകൂട്ടി.
അബ്ദേദ്മശിഹായേ പാത്രിയക്കീസായി തെരഞ്ഞെടുത്തു വാഴിച്ചു, 20-ാം
സുന്നഹദോസ് 1906-ൽ......മാർ ദീവന്നാസ്യോസ് ബഹനാം വിളിച്ചുകൂ
ട്ടിയ സുന്നഹദോസ് ഗ്രീഗോറിയോസ് അബ്ദുള്ളായെ പാത്രിയക്കീസാ
യി വാഴിച്ചു." 19-ാംസുന്നഹദോസ് 1895-ലും 20-ാംസുന്നഹദോസ്
1906-ലും ആണെങ്കിൽ പിന്നെ ഇതിനിടക്കു് 1903-ൽ ഒരു സുന്ന
ഹദോസ് ഉണ്ടാകുന്ന വിദ്യ ഗ്രഹിക്കാൻ വളരെ പ്രയാസം കാണുന്നു.
19 കഴിഞ്ഞു് അടുത്തുവരുന്നതാണല്ലോ 20. ആകയാൽ 1903-ൽ
എന്നല്ല 1895-നുശേഷം 1906-നു മുമ്പു് ഒരു സുന്നഹദോസേ
ഉണ്ടായിട്ടില്ലാ എന്നു് സിംഹാസനദയറിയും ഇപ്പോഴത്തെ ബാവാ
തിരുമനസ്സുകൊണ്ടും സാക്ഷിക്കുന്നു. ഇതിൽ കൂടിയ തെളിവു് ഇ
ങ്ങനെ ഒരു കാര്യത്തിനു് ഉണ്ടാകുവാൻ സാദ്ധ്യമോ? ആവശ്യമോ?

6 ആറാമതു് ഒരു തെളിവുകൂടി പരിശോധിച്ചു് ഈ ഭാഗം
അവസാനിപ്പിക്കാം. ടി ചരിത്രം 14-ാംഅദ്ധ്യായത്തിൽ ഇങ്ങനെ
പറയുന്നു. "പരിശുദ്ധ പിതാക്കന്മാരേ അടക്കുന്നതിനായി (ഭ്രഷ്ടന്മാരെയല്ല)
ദയറായിൽ തിരിച്ചിട്ടിരിക്കുന്ന സ്ഥലത്തു് അടക്കംചെയ്തിട്ടുള്ള പരിശുദ്ധ പി
താക്കന്മാരുടെ പേരുകൾ:—ഇഗ്നാത്തിയോസ് അബ്ദേദ്മശിഹോ 1915."

അബ്ദുൽമശിഹാക്കു് മഹമ്മദീയൻ കൊടുത്ത ലൌകികഅധികാരം നഷ്ടപ്പെട്ടുവെങ്കിലും അദ്ദേഹം മരണപര്യന്തം സുറിയാനിക്കാരുടെ ആത്മികമേലാവി ആയിരുന്നുവെന്നു് ഒരു പരിശുദ്ധ പിതാവായി ഗണിക്കപ്പെടുന്നതിനാലും പരിശുദ്ധ പിതാക്കന്മാരെ അടക്കുന്ന സ്ഥലത്തു് സംസ്കൃതനായതിനാലും പ്രത്യക്ഷമാകുന്നില്ലയോ? ഈ സംഗതി ഇത്ര സ്പഷ്ടമായി ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ടു് എഴുതിയിരിക്കെ അതിനെ നിഷേധിച്ചു് "അബ്ദുഷ മശിഹാ തള്ളപ്പെട്ടവൻ" എന്നു പറവാൻ തുനിയുന്നതു ദൈവദൂൽ ണവും സാഹസവുമല്ലയോ?

ആരുമറിയാതെ 1903 – ൽ ഒരു സുന്നഹദോസുണ്ടായതും അതിന്റെ നടപടികളും നിശ്ചയങ്ങളും യാതൊരുവന്റെയും, പ്രത്യേകിച്ചു് ജ്ഞാനിയും സമർത്ഥചരിത്രാന്വേഷിയുമായ ഇപ്പോഴത്തെ പാത്രിയർക്കീസ്ബാവാ തിരുമനസ്സിലെ ചരിത്രപരിശോധനയിൽപോലും വെളിപ്പെടാതെ, അദ്ദേഹത്താൽ പരിശോധിക്കപ്പെട്ട, സിംഹാസനഡയറിയിൽ തന്നെ മറഞ്ഞിരുന്നതും, 30 വർഷത്തെ അജ്ഞാതവാസത്തിനുശേഷം, “കൊല്ലനും കൊല്ലത്തിയുമറിയാതെ തിത്തിത്തെയി എന്നൊരു കൊച്ചരിവാൾ” മാർ യൂലിയോസ്, തിരുമേനിയിൽകൂടെ പെട്ടെന്നു രംഗപ്രവേശംചെയ്തതും അത്ഭുതാവഹമെന്നല്ലാതെ മറ്റൊന്നു പറയേണ്ടു! എങ്ങിനെ പറയും!! എങ്ങിനെ പറയാതിരിക്കും!!!

അബ്ദേദ്മശിഹായുടെ ‘സ്ഥാനഭ്രംശം’ എന്ന സംഭവം എന്നു്?

സംഭവങ്ങൾ ഉണ്ടായപ്രകാരം മനസ്സിലാക്കുന്നതിനു്, ഇവിടെ കക്ഷി ഉണ്ടാകുന്നതിൻമുമ്പു്, പ്രത്യേകഉദ്ദേശം ഒന്നുംകൂടാതെ പ്രസ്താവകാലത്തു് ഉണ്ടായിട്ടുള്ളതും, ഭേദപ്പെടുത്തുവാൻ പാടില്ലാത്തപ്രകാരം രൂപപ്പെട്ടിട്ടുള്ളതുമായ റിക്കാർട്ടുകളെ നാം ശരണീകരിക്കേണ്ടിയിരിക്കുന്നു. അന്നു് മലങ്കരസഭയുടെ നാവായിരുന്ന ഇടവകപ്പത്രികയിൽ പാത്രിയർക്കീസ്ബാവായുടെ സിംഹാസനനഷ്ടം സംബന്ധിച്ചു് എന്തെങ്കിലും ആദ്യമായി കാണുന്നതു് 1905 ഇടവത്തിൽ മാത്രമാണു്.

“അന്ത്യോക്യാ സിംഹാസനത്തിൽ വാഴുന്ന [വാണിരുന്ന എന്നല്ല] രണ്ടാമത്തെ അബ്ദേദ്മശിഹാ എന്നു പേരായ ഇഗ്നാത്തിയോസ് പാത്രിയർക്കീസ്ബാവാ തിരുമേനിയെ തുർക്കി ഗവർമ്മെൻറു് സ്ഥാനഭ്രഷ്ടനാക്കിയിരിക്കുന്നു ...ഈ അറിയിപ്പു് “ഗാർഡിയൻ” എന്ന ഇംഗ്ലീഷ്പത്രത്തിൽ നിന്നാകയാൽ അതിനെ അവിശ്വസിക്കുവാൻ കാരണം കാണുന്നില്ല....പാത്രിയർക്കീസ്ബാവായും തുർക്കി ഗവർമ്മെൻറും തമ്മിൽ എന്തോ ചില തർക്കങ്ങൾ ഉണ്ടെന്നു് കുറേമുമ്പു് ഇവിടെ കിട്ടിയിട്ടുള്ള എഴുത്തുകളിൽ നിന്നറിഞ്ഞിട്ടുള്ളതിനാൽ ഈ അറിവു് കുറേക്കൂടി വിശ്വാസയോഗ്യമായിരിക്കുന്നു........ആരോപിച്ചിരിക്കുന്ന കാരണം രാജദ്രോഹമാണത്രേ .....സിംഹാസനത്തിൽ ഉണ്ടായ ഒഴിവിലേക്കു് ആൾ തിരിഞ്ഞെടുക്കാൻ സുൽത്താൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആ തിരിഞ്ഞെടുപ്പുയോഗം

ക്യംതാ കഴിഞ്ഞാൽ ഏറെത്താമസിയാതെ ഉണ്ടാവാൻ ഇടയുണ്ടെന്നും ടി ഇംഗ്ലീഷ്പത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇതിനെപ്പററി കൂടുതലായി വല്ല അറിവും കിട്ടിയാൽ പിന്നാലെ പ്രസിദ്ധീകരിച്ചുകൊള്ളാം." (1905 ഇടവം ഇടവകപ്പത്രിക ലക്കം 5) സുൽത്താന്റെ അക്രമപരമായ ഈ കൈകടത്തൽ ഒരു അസാധാരണ സംഭവമല്ലെന്നു മനസ്സിലാക്കുവാൻവേണ്ടി സുൽത്താൻ ക്രിസ്ത്യാനികളോടു ചെയ്തുവന്നിട്ടുള്ളതും അന്നു ചെയ്തുവരുന്നതുമായ നിരവധി അനീതികളേയും പാത്രിയർക്കീസന്മാരെ സ്ഥാനഭ്രംശം ചെയ്യുക, രാജിവയ്പിക്കുക, തടവിലാക്കുക ആദിയായ പീഡകളേയുംപററി സവിസ്തരം തുടർന്നു പ്രസ്താവിക്കുന്നുണ്ട്.

ടി മാസികയിൽ തന്നെ മറെറാരിടത്ത് മേൽചേർത്തിരിക്കുന്ന ഭാഗത്തെ ചൂണ്ടിക്കൊണ്ട് ഇപ്രകാരം എഴുതിയിരിക്കുന്നു:-(പുറം 98) "മറെറാരു ഭാഗത്തു ചേർത്തിരിക്കുന്ന ഉപന്യാസം എഴുതിയതിൽ പിന്നെ കിട്ടിയിട്ടുള്ള ചില എഴുത്തുകളിൽനിന്നു കാണുന്നതു പാത്രിയക്കീസിന്റെ ലൌകികാധികാരം നടത്തുന്നതിന് മൂസലിലെ ദീവന്നാസ്യോസ് ബഹനാൻമെത്രാപ്പോലീത്തായെ അധികാരപ്പെടുത്തി ഗവമ്മെൻറ് വിളംബരം ചെയ്തിരിക്കുന്നു. ഈ നാട്ടിൽവന്ന മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (അബ്ദുള്ളാ) ഇപ്പോൾ ഗവമ്മെൻറിന്റെ പ്രീതിസമ്പാദിക്കുകയാൽ സുറിയാനിസഭയിലേക്കു തിരിച്ചുവരിയും.....പരസ്യമായി ഷേന്റ് ശുശ്രൂഷനടത്തുകയും ചെയ്തിരിക്കുന്നു" നേരിട്ടുലഭിച്ച കത്തുകളിൽനിന്നുള്ള അറിവ് അനുസരിച്ച് ആദ്യം എഴുതിയിരിക്കുന്നതിൽ ഒന്നും തിരുത്തേണ്ടതില്ലായിരുന്നുവെന്നും, അബ്ദേദ്മശിഹാബാവാക്കു മുസൽമാൻരാജാവു നൽകിയിരുന്ന ഫർമാൻ (അലപ്പോ ആദിയായി തുർക്കിയിലുള്ള 7 ദേശങ്ങളിലും അവയുടെ ഉൾപ്പിരിവുകളിലും സുറിയാനിക്കാരുടെമേൽ ലൌകീകാധികാരം നടത്തുവാനായി നൽകിയിരുന്ന അധികാരപത്രം) പിൻവലിച്ചുവെന്നല്ലാതെ സുന്നഹദോസ്കൂടി മാററിയതായി യാതൊരു അറിവും ഇല്ലെന്നും പ്രത്യക്ഷമാകുന്നു. മാത്രമല്ല അബ്ദേദ്മശിഹാബാവായുടെ ശത്രുവായിരുന്ന അബ്ദുള്ളാബാവാ സുൽത്താന്റെ പ്രീതിസമ്പാദിച്ചുകൊണ്ട് സമീപെ നിലകൊണ്ടിരുന്നു എന്നും, മാത്രമല്ല പരസ്യമായി രംഗത്തു പ്രവേശിച്ചുകഴിഞ്ഞുവെന്നുംകൂടി മനസ്സിലാകുന്നില്ലയോ?

വെട്ടും തിരുത്തും ചെയ്യാൻ മാർഗ്ഗമില്ലാതായ അച്ചടിരേഖകളിൽ എന്തുകാണുന്നുവെന്നു നാം കണ്ടുകഴിഞ്ഞു. ഈ സന്ദർഭത്തിൽ ഒരു ഇംഗ്ലീഷ്ചരിത്രകാരനേക്കൂടി പരിശോധിക്കാം. 'അഡ്റിയാൻ ഫോർട്ടസ്ക്യു' 1913—ൽ എഴുതിയ 'ലെസ്സർ ഈസ്റ്റേൺ ചർച്ചസ്' എന്ന പുസ്തകത്തിന്റെ 339—ം, 340—ം പുറങ്ങളിൽ കാണുന്നതു പ്രത്യേകം ശ്രദ്ധേയമാണ്. അബ്ദുള്ളാബാവാ, തന്നെ പാത്രിയർക്കീസാക്കാമെന്നുള്ള വാഗ്ദത്തം പ്രാപിച്ചുകൊണ്ട് റോമാസഭയെ

വിട്ടുപോന്നുവെങ്കിലും തന്റെ തെരഞ്ഞെടുപ്പും മററും സാധിച്ചുകിട്ടുന്നതിലേക്കായി വളരെ തന്ത്രപ്രയോഗങ്ങളും 500 പവന്റെ ചിലവും വേണ്ടിവന്നുവെന്നും അതിൽ 350 പവൻ യെറുശലേമിലെ മെത്രാപ്പോലീത്തായോടു് കടംവാങ്ങിയതാണെന്നും മററും അതിൽ വ്യക്തമായി പറയുന്നുണ്ടു് എന്നുമാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

അബ്ദുള്ളാബാവാ തിരുമനസ്സിലെ തിരിഞ്ഞെടുപ്പു്. "1906 ചിങ്ങം 15-ാംനു- സുന്നഹദോസ്ക്രൂടി അബ്ദുള്ളാപാത്രിയർക്കീസ്ബാവായെ തെരഞ്ഞെടുത്തു ........" എന്നും മററും പ്ര: സ. 45, 47 എന്നീ പുറങ്ങളിൽ കാണുന്നു. എന്നാൽ മേല്പറഞ്ഞ കാലത്തിനു് ഒരു വർഷംമുമ്പു് 1905 ചിങ്ങം, തുലാം സുറിയാനി സുവിശേഷകൻ 28-ാംപുറത്തു് "മാർ ഗ്രീഗോറിയോസ് അബ്ദുള്ളാമെത്രാപ്പോലീത്തായേ.........സ്ഥിരം പാത്രിയർക്കീസായി തിരിഞ്ഞെടുത്തിരിക്കുന്നുവെന്നും........തുർക്കി ഗവമ്മെൻറു് അംഗീകരിച്ചിരിക്കുന്നു" എന്നും കാണുന്നു. 1906-ൽ നടന്നതായി ബ: റമ്പാച്ചൻ പറയുന്നസംഭവം, അതിനു് ഒരു വർഷംമുമ്പു് അടിപ്പിച്ച മാസികയിൽ കാണുന്ന സൂത്രം എന്താണെന്നു് മനസ്സിലാക്കുവാൻ കഴിയുന്നില്ല. അതിലും വിചിത്രമായിട്ടുള്ളതു് 1906 ചിങ്ങത്തിൽ തിരിഞ്ഞെടുക്കപ്പെട്ട അബ്ദുള്ളാബാവാക്കു്, ആ തിരിഞ്ഞെടുപ്പിനെപ്പററി അന്വേഷണം നടത്തിയ ശേഷം സ്ഥിരപ്പെടുത്തിക്കൊണ്ടു് 1905 വൃശ്ചികം 19-ാംനു- തുർക്കിസുൽത്താൻ കുസ്തന്തീനോപോലീസിൽ നിന്നും ഫർമാൻ നൽകിയതാണു്. തിരിഞ്ഞെടുപ്പു നടന്നതിനെ സംബന്ധിച്ചു വേണ്ടപോലെ അന്വേഷിച്ചിട്ടു് അതു നടന്നതിനു് ഒരു വർഷംമുമ്പു് അതിനെ സ്ഥിരപ്പെടുത്തുവാൻകഴിവുള്ള സുൽത്താൻഫർമാൻ പിൻവലിച്ചാൽ പട്ടത്വം പോകുമെന്നു പറയുന്നതു് അത്ഭുതമല്ല! ഇവ എല്ലാററിൽനിന്നും മനസ്സിലാകുന്നതെന്തെന്നു് വായനക്കാർതന്നെ വിധിക്കുക!! തിരിഞ്ഞെടുപ്പുണ്ടായില്ലെന്നു ചുരുക്കം.

പത്രോസ്പാത്രിയർക്കീസ്ബാവാ കാലംചെയ്തപ്പോൾ അബ്ദുൽമശിഹാബാവായും അബ്ദുള്ളാബാവായും പാത്രിയർക്കാസ്ഥാനാർത്ഥികളായിരുന്നു; അബ്ദുള്ളാബാവാ തെരഞ്ഞെടുപ്പിൽ പരാജിതനായതിനും പുറമേ അവർ പരസ്പരം വൈരികളുമായി (1906 ചിങ്ങം ഇടവകപത്രിക.) നിരാശാഭരിതനായിത്തീന്ന അദ്ദേഹം മേല്പറഞ്ഞ ഇംഗ്ലീഷ്ചരിത്രം 336-ാംപുറത്തു് പറയുംപ്രകാരം റോമാക്കാരോടു് ചേരുകയും 1905 വരെ ഹോംസിലേ റീത്തിടവക ഭരിക്കയും ചെയ്തു. തന്റെ പ്രതിയോഗിയോടു പകവീട്ടുവാനുള്ള അവസരം തേടിക്കൊണ്ടിരുന്ന അദ്ദേഹം സുൽത്താന്റെ സേവയാൽ ഫർമാൻ പിൻവലിപ്പിച്ചുകൊണ്ടു തിരിച്ചുവരികയും സിംഹാസനം കൈക്കലാക്കി പാത്രിയർക്കീസായി വാഴുകയും ചെയ്തു. ശീമയിൽ

ഇത്രയുമേ ഉണ്ടായുള്ളു. അവിടെ കേസുകളും മററും ഇല്ലാതിരുന്നതി നാൽ റിക്കർഠട്ട് നിർമ്മതി ആവശ്യമായില്ല. എന്നാൽ "ആവശ്യം സൃഷ്ടിയുടെ മാതാവു്" അതിനാലത്രേ അന്നു് അച്ചടിക്കപ്പെട്ടിട്ടുള്ള രേഖകളിൽ ഒരുവിധവും, പിന്നീടുസത്യത്തെ സംസ്കരിപ്പാൻ ഉണ്ടാക്കിയിട്ടുള്ളവയിൽ മറെറാരുവിധവുംകാണുന്നതു്. സത്യത്തെ ക്രൂശിച്ചിട്ടു് തൻെറ കബറിങ്കൽ വലിയകല്ലു് ഉരുട്ടിവച്ചു്മുദ്രയുംകുത്തി! എ ഫലം!! സത്യം വെളിക്കുവന്നു.!!!

അബ്ദേദ്മശിഹായുടെ സ്ഥാനസാധുത്വം. ആത്മികമായ വശത്തു് യാതൊരു ന്യൂനതയും അദ്ദേഹത്തിനു ഭവിച്ചില്ലെന്നു് പല തെളിവുകളാൽ സുവ്യക്തമായികഴിഞ്ഞു. അബ്ദൽമ്ശീഹായേയാ അബ്ദുള്ളായേയാ ആരാണു് ഭരിക്കേണ്ടതു് എന്നു ഇനിനോക്കാം. ഹൂദായകാനോൻ 7: 1 "വിശ്വാസസംബന്ധമായ തർക്കം ഇല്ലാതെ തന്നിഷ്ടംകൊണ്ടും അധികാരഭ്രമംകൊണ്ടും ഒരു സിംഹാസനത്തിൽ 2 പാത്രിയർക്കീസന്മാരോ മെത്രാന്മാരോ വാഴിക്കപ്പെട്ടാൽ ആദ്യത്തെ ആൾ ഭരിക്കയും രണ്ടാമത്തെ ആൾ സ്വസ്ഥനായിരിക്കയും വേണം." അബ്ദേദ്മശിഹാബാവായുടേയും അദ്ദേഹത്തിൽ നിന്നു് സ്ഥാനമേററിട്ടുള്ളവരുടെയും സ്ഥാനസാധുത ബോദ്ധ്യപ്പെടുന്നതിനു ഇവയേക്കാൾ ഉപരിയായ തെളിവുകൾ ആവശ്യമോ?

എന്തുകൊണ്ടു് വാസ്തവം ഇങ്ങനെഎങ്കിൽ വട്ടശ്ശേരിത്തിരുമേനിയും മററും അബ്ദേദ്മശിഹാ ബാവായോടു് പട്ടമേൽക്കാതെ അബ്ദുള്ളായോടു്ഏററു? അതിൻ കാരണമുണ്ടു്. ഫർമാൻ നഷ്ടപ്പെട്ട ഒരു പാത്രിയർക്കീസ് തുർക്കിരാജ്യത്തുവച്ചു ഒരു മെത്രാപ്പോലീത്തായെ വാഴിക്കുക എത്ര അസാദ്ധ്യമാണെന്നും അഥവാ ഒളിവിൽ വാഴിച്ചാൽ തന്നെയും നേരിട്ടേക്കാവുന്ന പീഢകൾ എത്ര ഭയങ്കരങ്ങളായിരിക്കുമെന്നു് തുർക്കിസുൽത്താൻെറ അക്രമങ്ങളേയും മററും വിവരിച്ചിരിക്കുന്ന 1905 ഇടവത്തിലേ ഇ: പത്രിക വായിച്ചാൽ അറിയാവുന്നതാണു്. ഇവയെല്ലാംഅറിഞ്ഞുകൊണ്ടു് ആണു് ഇവിടെനിന്നും സ്ഥാനമേൽക്കുന്നതിനായി അയച്ചതും പോയതും. മാത്രമല്ല അബ്ദുള്ളാബാവാ പാത്രിയർക്കീസായി ഫർമാനോടുകൂടി വാഴിക്കപ്പെട്ടു ഭരണം നടത്തികൊണ്ടിരുന്നതിനാലും, മറുവശത്തുനിന്നുള്ള വിവരങ്ങൾ ശരിയായി അറിയുന്നതിനു് സാധിക്കാതെ വന്നതിനാലും, അബ്ദുള്ളാബാവാ അന്നത്തെ മലങ്കരമെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ തിരുമേനിയുടെ അപ്തമിത്രമായിരുന്നതിനാലും കൂടെ ആണു് സ്ഥാനാർത്ഥികളെ അദ്ദേഹത്തിൻെറ അടുക്കലേക്കു് അയയ്ക്കുവാനിടയായതു്.

## കാതോലിക്കാസ്ഥാപനം.

ക്രിസ്തീയസഭയുടെ ആത്മികമേലദ്ധ്യക്ഷൻ എന്ന നിലയിൽ അബ്ദേദ്മശിഹായുടെ സ്ഥാനസാധുത്വം നിസ്സർക്കമാണെന്ന് കണ്ടുകഴിഞ്ഞു. അതിനാൽ അദ്ദേഹം മുഖാന്തിരം മലങ്കരെ പുനജ്ജീവിപ്പിക്കപ്പെട്ട പൌരസ്ത്യകാതോലിക്കാ സിംഹാസനം അനിഷേദ്ധ്യവും അപ്പോസ്തോലികവുമായ ഒന്നത്രെ. എന്നാൽ പാത്രിയർക്കീസിൻെറ സഹകരണം കൂടാതെ വാഴിച്ചാലും അതിൻെറ സാധുത്വത്തിന് കാനോൻപ്രകാരം യാതൊരു ന്യൂനതയും ഉണ്ടാകുമായിരുന്നില്ലായെന്നാണ് പറവാനുള്ളത്. കാനോൻ 7: 1 ലെ നാലാം നിശ്ചയം കാണുക "മപ്രിയാനാ (കാതോലിക്കാ) ജീവിച്ചിരിപ്പുണ്ടെങ്കിൽ അദ്ദേഹത്തിൻെറ സമ്മതം കൂടാതെ പാത്രിയർക്കീസ് അവരോധിക്കപ്പെടരുത്, അങ്ങിനെ സമ്മതം കൂടാതെ പാത്രിയർക്കീസ് അവരോധിക്കപ്പെട്ടാൽ പൌരസ്ത്യർക്ക് സ്വയമേ തങ്ങൾക്ക് കാതോലിക്കായെ വാഴിക്കാനുള്ള അധികാരമുണ്ട്" ഈ നിയമത്തിൻ മുമ്പും പാത്രിയർക്കീസിനെ കൂടാതെ കാതോലിക്കായെ വാഴിക്കുക സാധാരണയായിരുന്നു. അന്യോന്യാ സൗഹാർദ്ദത്തിനു വേണ്ടിയാണ് മേല്പറഞ്ഞ നിശ്ചയമുണ്ടാക്കിയതു്. കാതോലിക്കാവാഴ്ച പാത്രിയർക്കീസിനേ കൂടാതെ നടത്തുവാനുള്ള അവകാശം കാനോനായും കീഴ്നടപ്പും അനുസരിച്ചുണ്ടായിരിക്കെ ഇവിടെ അപ്രകാരം ചെയ്യാതെ ദീർഘകാലം പാത്രിയർക്കീസിനോട്ട് അപേക്ഷിച്ചുകൊണ്ടിരുന്നതു് എന്തുകൊണ്ടു് എന്നൊരു ചോദ്യമുണ്ടായേക്കാം. മേൽഉദ്ധരിച്ച കാനോനാവ്യവസ്ഥകൊണ്ടുതന്നെ കാതോലിക്കാ–പാത്രിയർക്കാസിംഹാസനങ്ങൾ തമ്മിൽ സൌഹാർദ്ദമായി പോകണമെന്ന് ഉദ്ദേശമുള്ളതായി കാണാം. അപേക്ഷക്ക് കാരണം:- ദീർഘകാലത്തേക്ക് കാതോലിക്കാസിംഹാസനം ഒഴിവായികിടന്നുപോയതും, പാത്രിയർക്കീസ് നേരിട്ട് ഭരണം നടത്തിവന്നതും, അങ്ങിനെ ഇരിക്കെ ഈ സ്ഥാപനം മലങ്കരയിൽ പുനർസ്ഥാപിക്കുന്നതു് പാത്രിയർക്കീസിൻെറയും സഹകരണത്തോടുകൂടി ആയിരിക്കുന്നതു് ഐക്യതക്ക് നന്നായിരിക്കുമെന്നുള്ള അഭിപ്രായം ഉണ്ടായതുമാണ്. സ്വത്തും മററും സർവ്വസ്വാതന്ത്ര്യമായി ഭാഗിച്ചുകിട്ടിയ മക്കൾ മാതാപിതാക്കന്മാരുടെ പൂർണ്ണതൃപ്തിയോടുകൂടെ 'വേറെ പോവാൻ' ആഗ്രഹിക്കുന്നതുപോലെ തന്നെയാണ് ഇതും.

മാർ ഗീവർഗീസ് ദീവന്നാസ്യോസ് തിരുമേനിയുടെ മുടക്ക് നിമിത്തം ഗത്യന്തരമില്ലാതെ വന്നതുമൂലമല്ലേ അബ്ദേദാമശിഹാ ബാവായെ കൊണ്ടുവന്ന് കാതോലിക്കായെ വാഴിച്ചതെന്ന് ചിലർക്ക് ഒരു തെററിദ്ധാരണയുണ്ട്. അതു ശരിയല്ല. കാതോലിക്കാ

സ്ഥാപനത്തേ സംബന്ധിച്ച് മാർ ജോസഫ് ദീവന്നാസ്യോസിൻെറ കാലത്തുതന്നേയും എഴുത്തുകുത്തുകൾ നടന്നുകൊണ്ടിരുന്നു. പാത്രിയാർക്കീസുബാവാ ഒരിക്കൽ തരാമെന്ന് കല്പിച്ചതുമാണ്. 1906 –ൽ ശീമക്കു പോയ സ്ലീബാശെമ്മാശൻ (മാർ ഒസ്താത്തിയോസ്) മത്തായി ശെമ്മാശ്ശൻ (മാർ തീമോഥിയോസ്) എന്നിവരേ മാർ ജോസഫ് ദീവന്നാസ്യോസ്, മലങ്കര മല്പാന്മാരായ കോനാട്ടച്ചൻ, വട്ടശ്ശേരിറമ്പാച്ചൻ മുതൽപേർ, ഈ സംഗതികളേപററി പാത്രിയർക്കീസിൻെറ അടുത്ത് ആലോചിക്കാൻ അവരേ ശട്ടംകെട്ടിയിരുന്നതുമാണ്. അതനുസരിച്ച് അവർ അബ്ദൽമശിഹാപാത്രിയർക്കീസിൻെറ അടുക്കൽ ആലോചിച്ചിരുന്നതായും, അദ്ദേഹം കാതോലിക്കാസ്ഥാപനം ഇവിടെ പുനഃസ്ഥാപിക്കുന്നതിനു് അനുവദിക്കുന്നതായും,മത്തായിശെമ്മാശ്ശൻെറ എഴുത്തിൽനിന്നു് വ്യക്തമാകുന്നു എന്നു്, അദ്ദേഹം 1907 തുലാം 7-ാംനു- സിംഹാസനമെയറായിൽനിന്നു എഴുതിയിരിക്കുന്നതായി മാർ യൂലിയോസ്ബാവാ തന്നെ കല്പിക്കുന്നു. മാത്രമല്ല ഇതിനെ വിമശിച്ചുകൊണ്ടു് അബ്ദേദ്മശിഹാ പാത്രിയർക്കീസ് വഴിയായി കാതോലിക്കായെ വാഴിക്കണമെന്നുള്ള "ഈ ഉദ്ദേശം മുമ്പുതന്നെ ഉള്ളതല്ലയോ?" എന്നു് മാർ യൂലിയോസ്തിരുമേനി തന്നെ ചോദിക്കുകൂടെ ചെയ്യുന്നു (1932· സു· സ· മാ. 326–ാംപുറം) ഈ കാലഘട്ടത്തിൽ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് തിരുമേനി മുടക്കപ്പെട്ടിരുന്നില്ലാ എന്നുമാത്രമല്ലാ മെത്രാൻപോലും ആയിട്ടില്ലായിരുന്നു എന്നു് വായനക്കാർ ഓർക്കേണ്ടതാണ്.

1908 ധനു 30-ാംനു- അബ്ദേദ്മശിഹാപാത്രിയർക്കീസിനു് കോനാട്ടുമല്പാൻ അയച്ച എഴുത്തു്, ഈസംഗതിയെ കൂടുതൽവ്യക്തമാക്കുന്നുണ്ടു്. " .... രണ്ടാമത്തെ അബ്ദേദ്മശിഹാ എന്നു് തിരുനാമമുള്ള അന്ത്യോക്യായുടെ ശ്ലീഹാക്കടുത്ത സിംഹാസനത്തിൻെറ ഞങ്ങളുടെപിതാവായ.... തിരുമനസ്സിലേക്കു്........തിരുമനസ്സിലെ പ്രാത്ഥന ഞങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ, ആമ്മീൻ. തിരുമേനി അറിഞ്ഞിരിക്കുന്നപ്രകാരം മുൻകാലത്തു് തെഗ്രീസ് സിംഹാസനത്തിന്മേൽ വാണിരുന്ന കിഴക്കിൻെറ മപ്രിയാനാ (കാതോലിക്കാ)യാണ്...........മലങ്കരസഭയെ ഭരിച്ചുവന്നതു്. അന്ത്യോഖ്യായിലിരുന്ന പാത്രിയക്കാസിംഹാസനം മർദ്ദീനിലേക്കു് മാററപ്പെട്ടുവെങ്കിൽ തെഗ്രീസിലേ സിംഹാസനം ഇൻഡ്യയിലേക്കു് മാററവന്നതു ശരിയല്ലെന്നു വരുന്നതെങ്ങിനെ? ആയതുകൊണ്ടു് തെഗ്രീസിലേ സിംഹാസനം ഇൻഡ്യയിൽ സ്ഥാപിച്ചു് ഞങ്ങളിൽ ഒരാളേ കാതോലിക്കായായി വാഴിച്ചുതരേണമെന്നും "കിഴക്കിൻെറ മാർ ബസ്സേലിയോസ്" എന്ന നാമം നിലനിത്തണമെന്നും ഞങ്ങൾ അപേക്ഷിക്കുന്നു..........തിരുമനസ്സിലെ ശുശ്രൂഷക്കാരനുമായ മലങ്കരമല്പാൻ കോനാട്ടു മാത്തൻ കത്തനാർ" ഇതെഴുതുന്ന അവസരത്തിൽ അബ്ദേദമശിഹാ പാത്രിയർക്കീസിൻെറ ഫർമാൻ നഷ്ടപ്പെട്ടിരിക്കയാണ്.

ഫർമ്മാനോടുകൂടി അബ്ദുള്ളാപാത്രിയർക്കീസ് വാഴുന്നു. വട്ടശ്ശേരി തിരുമേനി ഊർശ്ലേമിൽപോയി പട്ടമേററുവന്നിട്ട് 6 മാസമേ ആയിട്ടുള്ളു. അബ്ദുള്ളാപാത്രിയർക്കീസ്ബാവാ മലങ്കരസ്സുള്ള യാത്രയ്ക്കു് ഒരുങ്ങുകയാണ്. പുലിക്കോട്ടുതിരുമേനി മലങ്കര മെത്രാനായി ഭരിച്ചുകൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിലത്രേ മേൽപറഞ്ഞ ആലോചനകളും എഴുത്തുകളും എല്ലാം ഉണ്ടായിട്ടുള്ളതു്. വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയേക്കുമോ എന്നു് സംശയിക്കുന്നതിനു യാതൊരു കാര്യവും അപ്പോൾ ഉണ്ടായിട്ടില്ല. അന്നു് പൂർണ്ണതൃപ്തിയിലാണു് ഇരുന്നിരുന്നതു് എന്നുള്ള സംഗതി അതിനുശേഷം രണ്ടു വർഷത്തോളം കഴിഞ്ഞു്, പുലിക്കോട്ടുതിരുമേനികാലംചെയ്ത ഉടൻതന്നെ, യാതൊരു സംശയവും കൂടാതെ ഇദ്ദേഹത്തെ മലങ്കര മെത്രാനായി, ബാവാതിരുമനസ്സുകൊണ്ടു് സ്ഥിരപ്പെടുത്തിയതിൽനിന്നു തന്നെ വെളിവാകുന്നുണ്ടല്ലോ.

വാസ്തവം ഇങ്ങനെ ഇരിക്കെ "മുടക്കിന്റെ ഫലമായി ഉണ്ടായതാണ് കാതോലിക്കാസ്ഥാപനം" എന്നു പറഞ്ഞാൽ അതു് എങ്ങിനെ വിശ്വസിക്കാൻ കഴിയും? ചരിത്രവിജ്ഞാനിയും കാനോൻ വിദഗ്ദ്ധനും എന്നു് സർവ്വരും സമ്മതിക്കുന്ന ബ: മല്പാനച്ചൻ തന്നെ, അബ്ദൽമശിഹായുടെ സ്ഥാനസാധുത്വത്തെ മുക്തകണ്ഠം സമ്മതിക്കയും അദ്ദേഹത്തിൽകൂടെ കാതോലിക്കാസിംഹാസനത്തെ മലങ്കരയിൽ പുനഃസ്ഥാപിക്കുവാൻ ശക്തിയായി ശ്രമിക്കയുംചെയ്തതു് വിസ്മരിക്കാവുന്നതല്ല. ചുരുക്കിപ്പറഞ്ഞാൽ അന്നു് ഇവിടെയുണ്ടായിരുന്ന സഭാനായകന്മാർ, പാത്രിയർക്കീസന്മാർ ഇവരുവരിൽ ആരെങ്കിലും വഴിയായി, കാതോലിക്കാസിംഹാസനത്തെ ഇവിടെ പുനർസ്ഥാപിക്കണമെന്നു നിശ്ചയിക്കയും സ്ഥിരപരിശ്രമം ചെയ്കയും ചെയ്തു എന്നു് മേൽക്കണ്ട ഭാഗങ്ങൾ വ്യക്തമാക്കുന്നു.

വാസ്തവമിങ്ങനെയിരിക്കെ മറെറാരു ന്യായവും പറഞ്ഞു കാതോലിക്കാസ്ഥാപനത്തെ എതിർക്കുവാൻ മാർഗ്ഗമില്ലെന്നു് ബോദ്ധ്യപ്പെട്ടപ്പോൾ ഉണ്ടാക്കിയതാണ്, കാതോലിക്കാസ്ഥാപനം ഒരു സുന്നഹദോസിനാൽ നിർത്തലാക്കിയെന്നുള്ള വാർത്ത. ഇങ്ങനെ നിർത്തലാക്കിയോ എന്നുള്ളതു് ചിന്താവിഷയമാണ്. അതിലേക്കു കടക്കുന്നതിനു മുമ്പായി, അങ്ങനെ നിർത്തിയിട്ടുണ്ടെങ്കിൽ തന്നെയും അതിനുള്ള വിലയെന്തെന്നു നോക്കാം. കാതോലിക്കാസ്ഥാപനത്തെ ഉടയ്ക്കുവാൻ പാത്രിയർക്കീസും അദ്ദേഹത്തിന്റെ സുന്നഹദോസും പലപ്പോഴും ശക്തിയായി യത്നിച്ചിട്ടുണ്ടെന്നുള്ളതു് ചരിത്രപ്രസിദ്ധമത്രേ. അതു് നിർത്തലാക്കി കളയണമെങ്കിൽ അതു് വേണമെന്നു നിശ്ചയിച്ച നിഖ്യായിലെ സാർവ്വത്രികസുന്നഹദോസിനേക്കാൾ പ്രാ

ധാന്യമുള്ള ഒരു സുന്നഹദോസാണ് അങ്ങിനെ ചെയ്യേണ്ടതു്. നിർത്തലാക്കി എന്നു പറയുന്നതുതന്നെയും പാത്രിയർക്കീസിന്റെ കീഴിലുള്ള എട്ടോ പത്തോ പേരുകൂടിയാണ്. ഇതു സംബന്ധിച്ച് എന്തെങ്കിലും പറവാൻ അർഹതയുള്ള പൗരസ്ത്യമെത്രാപ്പോലീത്താമാർ ഈദൃശമുള്ള ഒരു സുന്നഹദോസിൽ സംബന്ധിക്കയോ ക്ഷണിക്കപ്പെടുകയോ അങ്ങനെ ഒരു സുന്നഹദോസ് നടന്നതായോ മററാ അറിയിക്കപ്പെടുകപോലുമോ ഉണ്ടായിട്ടില്ല. അതിന്റെ കാരണം അങ്ങിനെ ഒന്നുണ്ടായിട്ടില്ലെന്നുള്ളതല്ലാതെ മറെറന്താണ്?

മാർ പത്രോസ് പാത്രിയർക്കീസ് ബാവായുടെ സാക്ഷ്യം:- മാർ പത്രോസ് പാത്രിയർക്കീസ് ബാവാ, മലങ്കരമല്പാൻ കോനാട്ട് അച്ചന്റെ പേർക്ക് 1892 ധനു 19-ാംനു എഴുതിയ കല്പനയിൽ ഇപ്രപ്രകാരം കാണുന്നു. "സമർത്ഥനും മല്പാനുമായ ഒരു കാതോലിക്കായേയോ, മപ്രിയാനായേയോ നിങ്ങൾക്ക് അയച്ചുതരേണമെന്ന് നിങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നു. നാം ആലോചിക്കട്ടെ. ദൈവം നമ്മെ സഹായിക്കുന്നപക്ഷം നാം ഒരുവനേ പരിശോധിച്ച് നിങ്ങൾക്ക് അയച്ചുതരാം" യൂലിയോസ് തിരുമേനി പറയുംപ്രകാരം 1885-ൽ (ഈ കല്പന എഴുതുന്നതിന് 7 വർഷം മുമ്പ്) അവിടെ ഏതെങ്കിലും ഒരു സുന്നഹദോസ് കൂടി നിർത്തൽചെയ്തിരുന്നെങ്കിൽ അതിനെ സംബന്ധിച്ച് ഈ സന്ദർഭത്തിലെങ്കിലും എഴുതാതിരിക്കുമോ? അതിനെ ലംഘിച്ച് അയച്ചുതരാമെന്ന് പരിശുദ്ധ പിതാവ് എഴുതുമോ?

കാതോലിക്കാസ്ഥാപനത്തോട് കാലംചെയ്ത ഏലിയാസ് ബാവാ കൈമഖാം എന്നീ തിരുമേനിമാർ, എപ്രകാരം വർത്തിച്ചു എന്ന് നോക്കാം. വട്ടശ്ശേരിത്തിരുമേനിയെ, അബ്ദേദ്മശിഹായെ സ്വീകരിക്കുക, കാതോലിക്കാവാഴ്ച നടത്തുക, എന്നീ കാരണങ്ങൾ പറഞ്ഞ് തഹല്ലൂപ്പാതിരുമേനി സസ്പെൻറു ചെയ്തിരുന്നു. ഈ സന്ദർഭത്തിലാണ് പാത്രിയർക്കീസ് ബാവാ ആലുവായിൽവച്ച് അദ്ദേഹത്തിന്റെ മുടക്ക് നിരുപാധികമായി തീർത്തത്. അദ്ദേഹം കാതോലിക്കായുമായുള്ള അഭംഗസഖിത്വം തുടർന്നു പാലിച്ചുപോന്നുവെങ്കിലും ഒരുവനും ഒരിക്കലും അതിനെ കുററപ്പെടുത്തിയിട്ടില്ല. മാത്രമല്ല അദ്ദേഹത്തെ പാർത്രിയർക്കാതിരഞ്ഞെടുപ്പ് സുന്നഹദോസിലേക്കും വാഴ്ചയിലേക്കും ഔദ്യോഗികമായി ക്ഷണിച്ചിരുന്നു. സുന്നഹദോസിലും പാത്രിയർക്കാവാഴ്ചയിലും സംബന്ധിച്ച് വോട്ടുചെയ്യുന്നതിനും പാത്രിയർക്കീസിന്റെ തലയിൽ കൈവയ്ക്കുന്നതിനും അദ്ദേഹത്തിന് യോഗ്യത ഉണ്ടെന്ന് ഇതു് സാക്ഷിക്കുന്നില്ലയോ? കാതോലിക്കാവാഴ്ച നടത്തി കാതോലിക്കായെ സ്വീകരിച്ച് കാതോലിക്കോറിനെ സർവ്വാത്മനാ ശക്തിപ്പെടുത്തി കാതോലിക്കായുടെ കീ

ഴിൽ സഭാഭരണം നടത്തിവന്നതു് ഒരു ന്യൂനതയായി ആ പിതാക്കന്മാർ കരുതിയില്ലെന്നുള്ള വസ്തുതയേ — കാതോലിക്കാസ്ഥാപനത്തിന്റെ സാധുതയേ തന്നെ — ഈ സംഭവങ്ങൾ സ്പഷ്ടമാക്കുന്നില്ലയോ?

ശീമയിൽ കാതോലിക്കാബാവാക്ക ലഭിച്ച സ്വീകരണം കാണുക. കാതോലിക്കാബാവാ 1934—ൽ ഹോംസിലെ റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ അവിടത്തെ "ഒരു മെത്രാപ്പോലീത്തായും റമ്പാനും 3 അച്ചന്മാരും 100—ൽ പരം അന്മേനികളും വന്നിരുന്നു. എല്ലാവരും ബാവായുടെ കൈമുത്തി......പാത്രിയർക്കീസ് ബാവാ കാതോലിക്കാബാവായെ ചുംബിക്കുകയും മററുള്ളവർ പതിവുപോലെ ആദരിക്കുകയും ചെയ്തു. ........കഴിഞ്ഞ ശനിയാഴ്ച വൈകിട്ട് പാത്രിയർക്കീസ് ബാവാ പള്ളിയിൽപോകുകയും അപ്പോൾ........പാത്രിയർക്കീസ് ബാവായുടെ നിർദ്ദേശാനുസരണം മദ്ബഹായിൽ വലത്തുഭാഗത്തു് ഊർശ്ലേമിന്റെ മാർ ഗ്രീഗോറിയോസിനോടുകൂടി കാതോലിക്കാബാവായും ഇരുന്നിരുന്നു. പിറേറന്നാൾ രാവിലേ വി. പാത്രിയർക്കീസ് ബാവാ വി. കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു .......കാതോലിക്കാബാവാ തലേദിവസത്തേപ്പോലെ തെക്കുവശത്തു് ഒന്നാമത്തേ കസേരയിൽ ഇരുന്നിരുന്നു" എന്നു് മാർ അത്താനാസ്യോസ് തിരുമേനിയുടെ ശ്രേഷ്ഠാനുമതിയോടുകൂടി പാത്രിയർക്കീസ് ഭാഗത്തുനിന്നും പ്രസിദ്ധം ചെയ്ത 1934—ലേ സു. സ. മാ. 129, 131 പുറങ്ങളിൽ കാണുന്നു. യാതൊരു ന്യൂനതയും ഇല്ലാത്ത കാനോനികപൌരസ്ത്യകാതോലിക്കായായി ഇപ്പോഴത്തെ പാത്രിയർക്കീസ്ബാവാ തിരുമനസ്സുകൊണ്ടും സ്വീകരിച്ചുവെന്നു് ഈ സംഭവങ്ങൾകൊണ്ടു് വ്യക്തമാകുന്നില്ലയോ?

ആലുവാ വട്ടമേശസമ്മേളനതീരുമാനം: അത്താഴഊണുകഴിഞ്ഞു് രാത്രി ആരുമറിയാതെ പ്രാർത്ഥന നടത്തി കാതോലിക്കാബാവായെയും മററും സ്വീകരിക്കാമെന്നു് തീർച്ചയാക്കിയതാണെന്നും, കാതോലിക്കായോടൊന്നിച്ച് മെത്രാന്മാരെല്ലാവരും വരാതെ ഇരുന്നതിനാൽ മാത്രമാണു് സ്വീകരണം നടക്കാതെ പിരിയുവാൻ ഇടയായതെന്നുംഉള്ള വസ്തുത നിഷേധിക്കുന്നവർ ഇന്നു ബാവാഭാഗത്തു് ഇല്ലതന്നെ. പ്രസ്താവപ്രാർത്ഥനയും പട്ടംകൊട ശുശ്രൂഷയും ഒന്നുതന്നേയെന്നു തെററിദ്ധരിക്കുന്ന ചിലർ ഉള്ളതിനാൽ അവ തമ്മിലുള്ള അന്തരം നോക്കാം. (1) പട്ടംകൊട ആയിരുന്നു എങ്കിൽ ഉപവാസത്തോടുകൂടി മാത്രം നടത്തേണ്ടതാണു്. എന്നാൽ പ്രാർത്ഥന അത്താഴ ഊണുകഴിഞ്ഞു് നടത്തുവാനാണല്ലോ നിശ്ചയിച്ചിരുന്നതു്. (2) പട്ടംകൊട ശുശ്രൂഷയെങ്കിൽ അതു് വി. കുർബ്ബാനയോടുകൂടി മാത്രമേ നടത്തുകയുള്ളു. ഈ പ്രാർത്ഥന നടത്താൻ ഉദ്ദേശിച്ചിരുന്നതു് അത്താഴാനന്തരമാകയാൽ കുർബാനയെപ്പററി പറയേണ്ടതല്ലല്ലോ.

(3) പട്ടംകൊട ശുശ്രൂഷയെന്നല്ല മാമോദീസാപോലും പരസ്യമായി നടത്തേണ്ടതാണ്. എങ്കിലും പ്രസ്തുത പ്രാർത്ഥന രാത്രി എത്രയും രഹസ്യമായി നടത്തുവാൻ അത്രെ നിശ്ചയിച്ചിരുന്നതു്. (4) അനിർദ്ദിഷ്ടപ്രാർത്ഥനയിൽ പരിശുദ്ധാത്മവിളി മുതലായ പട്ടംകൊടയുടെ ലക്ഷണങ്ങൾ ഒന്നും ഇല്ലായിരുന്നു. (5) പട്ടംകൊട ശുശ്രൂഷയ്ക്കു് കേവലം "പ്രാർത്ഥന" എന്നുപറഞ്ഞു് ഇതുവരെ കേട്ടിട്ടില്ല. (6) പട്ടംകൊട ആയിരുന്നു എങ്കിൽ മൂന്നുമെത്രാന്മാർ കൂടി മുന്നമേ തന്നെ മെത്രാനായി വാഴിക്കയും പിന്നീട്ട് കാതോലിക്കാ ആയി വാഴിക്കയും ചെയ്യണ്ടതാണ്. ഈ പ്രാർത്ഥന മൂന്നുതിരുമേനിമാർ കൂടി നടത്തണമെന്നില്ല എന്നു് മാർ യൂലിയോസ് തിരുമേനി തന്നെ പാലാമ്പടത്തു് തോമ്മസ് വക്കീൽ അവർകളുടെ അടുക്കൽ കല്പിച്ചു സമ്മതിച്ചച്ചിട്ടുള്ളതാണ്.

മേൽക്കണ്ടപ്രകാരം ഒരു പ്രാർത്ഥനമാത്രം നടത്തി സ്വീകരിക്കാമെന്നുള്ള തീരുമാനംകൊണ്ടു് കാതോലിക്കാസ്ഥാപനയുടെ നൈർമ്മല്യവും സ്ഥാനസാധുതയും അവിതർക്കിതമായി പ്രത്യക്ഷമായിരിക്കുന്നു. ഈ പരമസത്യത്തെ നിഷേധിക്കുന്നവർ സ്വീകരിച്ചിരിക്കുന്ന തത്വം ആവശ്യം നേരിടുമ്പോൾ കള്ളം പറയാമെന്നുള്ളതാണെന്നു്, മനസ്സിലാക്കിയിരിക്കേണ്ടതു് ആവശ്യമത്രേ. കാനോൻ തിരുത്തലിനെ സംബന്ധിച്ചു് കൊച്ചുപറമ്പിൽ ബ: റമ്പാച്ചനുമായി ഒരുവർഷംമുമ്പ് ഞാൻ സംസാരിച്ചപ്പോൾ "വേണ്ടിവന്നാൽ കള്ളം പറയുവാൻ ദൈവം കല്പിച്ചിട്ടുണ്ടു്" എന്നു് ചില വേദവാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു് അദ്ദേഹം പറയുകയുണ്ടായി! ഇതു കേട്ടപ്പോൾ എന്റെ സ്മരണയിൽ വന്നതു് "സ്വന്തകുഞ്ഞുങ്ങളെ തിന്നുന്ന ഒരു സോക്രട്ടീസ് ഉണ്ടായിരുന്നുവെന്നു് ലോകം പറയുന്നതിനേക്കാൾ സോക്രട്ടീസ് എന്നൊരാൾ ഉണ്ടായിരുന്നേയില്ല എന്നു പറയുന്നതാണു് എനിക്കു സന്തോഷം" എന്നു് മഹാനായ സോക്രട്ടീസ് പറഞ്ഞിരിക്കുന്നതാണ്. കള്ളം പറയാൻ കല്പിക്കുന്ന ദൈവം ഉണ്ടെന്നു് ലോകം വിശ്വസിക്കയും പഠിപ്പിക്കുകയും ചെയ്യുന്നതിനേക്കാൾ ദൈവം ഇല്ല എന്നു് (നാസ്തികത്വം) വിശ്വസിക്കയും പഠിപ്പിക്കുകയും ചെയ്യുന്നതാണ് കൂടുതൽ ദൈവത്തിനു സഹിക്കാവതു് എന്നു് പറയേണ്ടതില്ലല്ലോ. അഹോ! സഭയെ പണിയുന്ന വിധം! കള്ളംകൊണ്ടു് താങ്ങുവാൻ ദൈവം ആവശ്യപ്പെടുന്നത്രേ!! അങ്ങിനെ താങ്ങിയില്ലെങ്കിൽ അതു് വീണുപോകുംപോലും!!! "കുരുടനെ വഴിതെററിക്കുന്നവൻ ശപിക്കപ്പെട്ടവൻ'; ജനമൊക്കയും 'ആമ്മേൻ' എന്നു പറയട്ടെ" (മോശദീർഘദർശി)

തൽക്കാലം നേരിട്ടിരിക്കുന്ന പ്രയാസം. ഇപ്പോൾ നമ്മിൽ പലർക്കും നേരിട്ടിരിക്കുന്ന പ്രയാസം, പലനാൾ പറഞ്ഞും പഠിപ്പി

ച്ചും നാം വിശ്വസിച്ചും പോന്നിട്ടുള്ളതു് തെററെന്നു് ബോദ്ധ്യം വന്നെങ്കിലും അതു് സമ്മതിച്ചു് തിരുത്തിപറയുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള സാന്മാർഗ്ഗികധൈര്യരാഹിത്യമാണു്. ഭൂമിശാസ്ത്രജ്ഞന്മാർ ഭൂമി പരന്നതെന്നു് ഒരുകാലത്തു് സമർത്ഥിച്ചുവന്നിരുന്നെങ്കിലും ഇപ്പോൾ അതു് തിരുത്തി, പരന്നതല്ല ഉരുണ്ടതാണെന്നുള്ള സത്യം പഠിപ്പിക്കുവാൻ ശങ്കിക്കുന്നില്ല. സൂര്യൻ, നിശ്ചലമായി നിൽക്കുന്ന ഭൂമിയേ ചുററുന്നുവെന്നു് പൂർവ്വികന്മാർ വിശ്വസിച്ചിരുന്നു. എന്നാൽ ആധുനികർ അതു് അബദ്ധമെന്നു് ഗ്രഹിക്കുകയും നിശ്ചലമെന്നു് കരുതിയിരുന്ന ഭൂമിയാണു് സ്വസ്ഥിതനായ സൂര്യനേ ചുററുന്നതെന്നും പഠിപ്പിക്കയും ചെയ്യുന്നു. മുൻപററിയ അബദ്ധത്തെ പിന്നെയും പാലിക്കുന്നതല്ലയോ പരമാബദ്ധം? പോകട്ടെ! ആത്മീകലോകത്തേ വീക്ഷിക്കാം. ക്രൈസ്തവവിശ്വാസത്തെ കൈക്കൊണ്ട യഹൂദരേ ആകമാനം പിടിച്ചുകെട്ടി പീഡിപ്പിക്കുന്നതു് സർവ്വോപരി സുകൃതമെന്നു കരുതി, ക്രിസ്ത്യാനികളേ വീഢിപ്പിച്ചുവന്ന ശൌൽ ദമസ്കോസിലേ ക്രിസ്ത്യാനികളേ ബന്ധനം ഏല്പിപ്പാനായി അധികൃതസ്ഥാനങ്ങളിൽനിന്നു് അധികാരം വാങ്ങിപോകവേ, ദൈവകൃപയാൽ തന്റെ അബദ്ധംമനസ്സിലാകയും, തൽക്ഷണം ജഡരക്തങ്ങളോടാലോചിക്കാതെ നിസ്സങ്കോചം ക്രിസ്തീയഭടനായി തീരുകയും ചെയ്തു. ഏതൊന്നിനേ നശിപ്പിക്കുന്നതിനായി താൻ നിയുക്തനായി പുറപ്പെട്ടുവോ ആ ക്രിസ്തീയവിശ്വാസത്തെ വളർത്തുന്നതിനായി അരയും തലയും മുറുക്കി തന്റെ സർവ്വശക്തികളും, ജീവനപ്പോലും വിനിയോഗിച്ചു. സത്യത്തിൻ സാക്ഷിനിൽക്കേണ്ടതിന് ലോകത്തിൽ ജനിച്ച കർത്താവേശുമിശിഹായുടെ ഉത്തമശിഷ്യനായ പൌലൂസ് തനിക്കുപററിയ തെററിനെ തിരുത്തുകയും വെളിപ്പെട്ടുകിട്ടിയ സത്യത്തെ നിർവിഘ്നം വചനത്തിലും പ്രവൃത്തിയിലും സാക്ഷീകരിക്കയും ചെയ്തു. ഇതത്രേ ക്രിസ്തീയജീവിതം. സത്യത്തെ ശരിയാംവണ്ണം ഗ്രഹിക്കാതെയും, അഥവാ ഗ്രഹിച്ചാൽ തന്നെയും അതിനെ അവഗണിച്ചും പ്രവർത്തിക്കുന്നതു, ദൈവത്തെ തന്നെ അവഗണിക്കുന്നതാണെന്നു് ഓർക്കേണ്ടതാണു്. വ്യക്തിപരമായ യാതൊന്നിനുംവേണ്ടി ഒററിക്കൊടുക്കത്തക്കതല്ല വി. സഭ എന്നു് നാം അറിയണം. മഹാമനസ്സനായ കാതോലിക്കാബാവാ സമാധാനത്തെപ്രതി ഒരു ശുശ്രൂഷയാൽ സ്വീകരിക്കപ്പെടുന്നതിന് സദയം സമ്മതിക്കയും, കണ്ടനാട്ടു് ഇടവകയുടെ നിശ്ചയാനുസരണം മാർ തീമോഥെയോസ് മെത്രാപ്പോലീത്താ അനേകം വൈദികരുടെയും അത്മായക്കാരുടേയും സാന്നിധ്യത്തിൽ ആ ശുശ്രൂഷ എത്രയും പരസ്യമായി നടത്തി ബാവാതിരുമേനിയേ സ്വീകരിക്കയും ചെയ്തുകഴിഞ്ഞിരിക്കുന്നു. സ

മാധാനത്തിന്റെ വാതിൽ തുറന്നിരിക്കുന്നു. ഇനിയെങ്കിലും അന്യോന്യം നശിപ്പിക്കുന്ന "തൊഴുത്തിൽകുത്ത്" നിർത്തിക്കൊണ്ട് ആ വാതലിൽക്കൂടെ പ്രവേശിക്കരുതോ?

'ഞാൻ ഒന്നിനുമില്ല' എന്നു പറഞ്ഞ് ഉഷ്ണവാദനം ശീതവാദനം അല്ലാതിരിക്കുന്ന സ്ഥിതി വളരെ സാഹസമാണ്. എനിക്കേത്രയും ഭയഭക്തിയും സ്നേഹബഹുമാനവും ഉള്ളവരും എന്നെ പൈതൃകമായ വാത്സല്യത്തോടെ സ്നേഹിക്കുന്നവരുമായ മാർ അത്താനാസ്യോസ്, മാർ ദീവന്നാസ്യോസ് എന്നീ വന്ദ്യതിരുമേനികൾക്ക് ഈ ലഘുലേഖ അനിഷ്ടമായി തീർന്നേക്കുമെന്നുള്ള മനഃക്ലേശം എനിക്കുവളരെയുണ്ട്. "കൈച്ചിട്ട് ഇറക്കുവാനും മധുരിച്ചിട്ട് തുപ്പുവാനും വഹിയാ" എന്നിരുന്നാലും ബോദ്ധ്യപ്പെട്ടിട്ടുള്ള സംഗതികൾ മറച്ചുവയ്ക്കുന്നതു പ്രയാസവും മുമ്പ് പലരും എന്നിൽ നിന്നു ധരിക്കുവാനിടയായിട്ടുള്ള തെറ്റുകൾ തിരുത്തേണ്ടതു് എന്റെ ചുമതലയും, അതു് മലങ്കരസഭോന്നതിക്കു് എത്രയും ആവശ്യവും ആയിരിക്കുന്നു. അതിനാലാണ് എന്റെ പരിശോധനയിൽ കണ്ടുകിട്ടി എനിക്കു പൂർണ്ണബോദ്ധ്യം വന്നിട്ടുള്ള കാര്യങ്ങളെ സംക്ഷിപ്തമായിട്ടെങ്കിലും പൊതുജനസമക്ഷം സമർപ്പിക്കുന്നതു്. സ്ഥലദൌർല്ലഭ്യത്തെ ഭയന്നു് പലതും വിട്ടുകളയേണ്ടതായി വന്നിട്ടുണ്ട്. കൂടുതലായി വല്ലതും അറിയണമെങ്കിൽ സ്റ്റാമ്പുസഹിതം എഴുതിചോദിക്കുക.

പരമാർത്ഥത്തെ മറച്ചുവച്ചു്, അധികാരം കൈവരുത്തുവാനായി പരമാർത്ഥികളായ ജനങ്ങളെ കബളിപ്പിക്കുന്നതിനേപ്പററി ചിന്തിക്കുമ്പോൾ ഉണ്ടായിപോകുന്ന വൈരാഗ്യവികാരങ്ങളേയും, തജ്ജന്യങ്ങളായ പദപ്രയോഗങ്ങളേയും മാത്രമല്ല വിവരണങ്ങളേയും വളരെയെല്ലാം ഒതുക്കിയിട്ടുണ്ട്. ആർക്കെങ്കിലും അസുഖം തോന്നത്തക്കവണ്ണം വല്ലതുമുണ്ടെങ്കിൽ അതു മനഃപൂർവ്വമല്ല, സംഗതിവശാലാണ് എന്നുള്ളതു് മനസ്സിലാക്കി ദയാപൂർവ്വം ക്ഷമിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു. വിശേഷിച്ചും വാസ്തവവിരുദ്ധമായി വല്ല പ്രസ്താവനയും ഇതിൽ വന്നുപോയിട്ടുണ്ടെന്നു് മാർ യൂലിയോസ് തിരുമേനിക്കോ ബഃ റമ്പാച്ചന്മാർക്കോ തോന്നുന്നപക്ഷം അതു് സദയം ചൂണ്ടിക്കാണിച്ചു തരണമെന്നു് താഴ്മയായി അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

———

18—3—118·

പോപ്പുലർപ്രസ്സ്, കോട്ടയം.